(എ) എം. ജി. സർവ്വകലാശാലയിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) ഇപ്പോൾ അവിടെ താൽക്കാലികമായി നിയമിക്കപ്പെട്ട എത്ര പേർ ഉണ്ട്;

(ഡി) ഇവരിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര പേർ ഉണ്ട്;

(ഇ) ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇവരെ എപ്രകാരമാണ് നിയമിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എം. ജി. സർവ്വകലാശാലയിൽ വിവിധ കാറ്റഗറികളിൽ താൽക്കാലികമായി നിയമിക്കപ്പെട്ട 190 പേർ ഉള്ളതായി സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഡി) ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 125 പേർ ഉള്ളതായി യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തിയിട്ടുള്ളതെന്ന് യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

എം. ജി. സർവ്വകലാശാലയിലെ പുതിയ നിയമനങ്ങൾ

144 [696] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാലയിൽ പുതിയ നിയമനങ്ങൾ നടത്തുന്നത് നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എന്നാണ് നിരോധനം നിലവിൽ വന്നത്;

(ഡി) അതിനുശേഷം അവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത കാലയളവിൽ അവിടെ പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര നിയമനങ്ങൾ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രീഡിഗ്രി വേർപ്പെടുത്തലിന്റെ ഭാഗമായി പ്രീഡിഗ്രി കോഴ്സുകൾ നടത്തിവന്നിരുന്ന സർവ്വകലാശാലകളിൽ 24-4-1997-ലെ 11899/ബി1/97/ഉവിവ., 23-6-2000-ലെ 15860/ബി1/2000/ഉവിവ. എന്നീ സർക്കുലറുകൾ പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിരോധനവും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നിയന്ത്രണവും സർക്കാർ ഏർപ്പെടുത്തിയത് എം. ജി. സർവ്വകലാശാലയ്ക്കും ബാധകമാണ്.

(സി) 24-4-1997 മുതൽ

(ഡി, ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ പ്രവേശന അർഹത നേടിയവർ

145 [697] ശ്രീ. കെ. ബി. ഗണേഷ്കുമാർ:
„ ഷിബു ബേബിജോൺ:
„ ജോണി നെല്ലൂർ:
„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001, 2001-2002, 2002-2003 അദ്ധ്യയന വർഷങ്ങളിൽ നടന്ന മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ കേരളത്തിലെ മലയാളം മീഡിയം സ്കൂളുകളിൽ പഠിച്ച എത്ര കുട്ടികൾക്ക് യഥാക്രമം ഓരോ വർഷവും പ്രവേശന അർഹത നേടാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇതിൽ മെഡിസിൻ പ്രവേശന അർഹത നേടിയവർ എത്ര; എഞ്ചിനീയറിംഗ് പ്രവേശന അർഹത നേടിയവർ എത്ര;

(സി) കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കേരള സിലബസിൽ പഠിച്ച എത്ര കുട്ടികൾക്കും, സി. ബി. എസ്. ഇ. സിലബസിൽ പഠിച്ച എത്ര കുട്ടികൾക്കും ഓരോ വർഷവും പ്രവേശന അർഹത നേടാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ മെഡിസിൻ പ്രവേശന അർഹത നേടിയവർ എത്ര; എഞ്ചിനീയറിംഗ് പ്രവേശന അർഹത നേടിയവർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly